## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *765 16. 07. 2014 ൽ മറുപടിക്ക്

### ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ

ചോദ്യം ഉത്തരം

ശ്രീ. ഹൈബി ഈഡൻ
,, വി. ഡി. സതീശൻ
,, സി.പി. മുഹമ്മദ്
,, എ. റ്റി. ജോർജ്ജ്

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ? വിശദമാക്കുമോ? | (എ) | ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്? വിശദാംശങ്ങൾ നൽകുമോ? | (ബി) | പ്രസ്തുത പദ്ധതി വഴി മെച്ചപ്പെട്ട ഊർജ്ജ ക്ഷമതയും പ്രകാശവും കൈവരിക്കാനാവും. അതുപോലെ, സി.എഫ്.എൽകളിലും, ട്യൂബ് ലൈറ്റുകളിലും കാണപ്പെടുന്ന ദോഷകരമായ മെർക്കുറിയുടെ അളവ് എൽ.ഇ.ഡി. ബൾബുകളിൽ തീരെ ഇല്ല എന്ന മേന്മയും ഉണ്ട്. |
| (സി) | പദ്ധതി നടത്തിപ്പിനായി കേന്ദ്ര ഏജൻസികളുടെ സഹായം തേടിയിട്ടുണ്ടോ? വിശദമാക്കുമോ? | (സി) | പദ്ധതി നടത്തിപ്പിനായി, M/s Energy Efficiency Service Ltd., (EESL) എന്ന ഒരു കേന്ദ്ര ഏജൻസിയുടെ സഹായം തേടുന്നതിനുള്ള ചർച്ചകൾ നടന്നിട്ടുണ്ട്. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിലൂടെ എത്രമാത്രം വൈദ്യുതി ലാഭിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്? വിശദാംശങ്ങൾ നൽകുമോ? | (ഡി) | പദ്ധതി നടപ്പിലായാൽ, ഒരു ഉപഭോക്താവിന് 2 എൽ.ഇ.ഡി. ബൾബുകൾ എന്ന നിലയിൽ, 75 ലക്ഷം ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ നൽകാനായാൽ 80 മില്യൻ യൂണിറ്റ് വൈദ്യുതി ലാഭിക്കാനാകുമെന്നാണ് കണക്കാക്കുന്നത്. |

സെക്ഷൻ ഓഫീസർ